# നോമ്പുക്കാലം

## വചന വിചിന്തനം

### നോമ്പുക്കാലം : ഒന്നാം ഞായർ

### മത്താ 4,1–11

"അനന്തരം, പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവു മരുഭൂമിയിലേക്കു നയിച്ചു"
(മത്താ 4,1)

*"ദൈവമായിരുന്നവൻപ്പോലും
പിശാചിനാൽ പരീക്ഷിക്കപ്പെടാൻ നയിക്കപ്പെടുന്നു!
അവൻ പരീക്ഷകളെ അതിജീവിക്കുന്നത് വചനത്തിന്റെ ശക്തിയാൽ...
സങ്കീർത്തകനൊപ്പം നമ്മുക്കും ഏറ്റ് പറയാം,
"അങ്ങേക്കെതിരേ പാപം ചെയ്യാതിരിക്കേണ്ടതിനു
ഞാൻ അങ്ങയുടെ വചനം
ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു."*
(സങ്കീ 119,11)"

"അവനു വിശന്നു.
പ്രലോഭകൻ
അവനെ സമീപിച്ചു..."
വിശപ്പാണ് ഏറ്റവും
വലിയ പ്രലോഭനം!
ഈ വിശപ്പ്
ജഢത്തിന്റെ മോഹമാകാം,
മനസ്സിന്റെ ദുർമോഹങ്ങ
ളാകാം,
അത്യാസക്തികളുമാ
കാം....

പുറപ്പാട് പുസ്തകം പതിനേഴാം അദ്ധ്യായം ദൈവത്തെ പരീക്ഷിക്കുന്ന ഇസ്രായേൽ ജനത്തെ നാം പരിചയപ്പെടുന്നുണ്ട്. കർത്താവിൻെറ നിർദേശമനുസരിച്ച് ഇസ്രായേൽ സമൂഹം മുഴുവൻ സീൻമരുഭൂമിയിൽ നിന്നു പുറപ്പെട്ടു പടിപടിയായിയാത്ര ചെയ്ത് റഫിദീമിൽ എത്തി പാളയമടിക്കുന്നു. അവിടെ അവർക്കു കുടിക്കാൻ വെള്ള മുണ്ടായിരുന്നില്ല. ഇസ്രായേൽ ജനത്തിന്റെ ഏറ്റവും ചെറിയ ഈ കഷ്ടപ്പാടിൽ തങ്ങൾക്ക് ജനം തരാൻ കഴിവുള്ള കർത്താവിനെ വിളിച്ച് പ്രാർത്ഥിക്കാതെ ജനം മോശയെ കുററപ്പെടുത്തിക്കൊണ്ട് ഞങ്ങൾക്കു കുടിക്കാൻവെള്ളം തരിക എന്നു പറയുന്നു. ഇത് കേൾക്കുന്ന മോശ അവരോടു പറഞ്ഞു:

''നിങ്ങൾ എന്തിന് എന്നെ കുററപ്പെടുത്തുന്നു? എന്തിനു കർത്താവിനെ പരീക്ഷിക്കുന്നു?" (പുറ 17,7).

ചുരുക്കത്തിൽ, ഇസ്രായേൽ ജനത്തിന്റെ നിലപാട്, "ദൈവം നമ്മുടെ കൂടെ ഉണ്ടായിരുന്നെങ്കിൽ നമ്മുക്ക് വെള്ളം കിട്ടുമായിരുന്നു" എന്നതാണ്. പക്ഷെ, മോശ "നിങ്ങൾ എന്തിനു കർത്താവിനെ പരീക്ഷിക്കുന്നു?" എന്നതിലൂടെ ജനത്തെ പഠിപ്പിക്കുന്നത്, "ദൈവം നമ്മുടെ കൂടെയുണ്ടായിരുന്നെങ്കിൽ നമുക്ക് വെള്ളം കിട്ടുമായിരുന്നു" എന്നതിനേക്കാൾ ഉപരിയായി "നാം ദൈവത്തോടുകൂടെയായിരുന്നെങ്കിൽ നമുക്ക് വെള്ളം കിട്ടുമായിരുന്നു" എന്നാണ്. ദൈവപരിപാലനയുടെ അടയാളമായി അടയാളങ്ങളും അൽഭുതങ്ങളും നാം ആവശ്യപ്പെടുമ്പോൾ ദൈവത്തെ പരീക്ഷിക്കുക തന്നെയാണ് നാം ചെയ്യുന്നത്. വിശ്വാസികൾക്കല്ല, അവിശ്വാസികൾക്കും അൽപ്പവിശ്വാസികൾക്കുമാണ് അടയാളങ്ങളും അൽഭുതങ്ങളും അവശ്യമായി വരുന്നത്.

വിശ്വാസി ഒരിക്കലും കാറ്റിൽ ആടുന്ന ഞാങ്ങണപ്പോലെ ചഞ്ചലചിത്തരാവുകയോ ക്ഷണികസുഖത്തിന് വേണ്ടി ദൈവീക നിയമങ്ങളേയും ദൈവീക മൂല്യങ്ങളെയും കാറ്റിൽ പറത്തുകയോ ചെയ്യില്ല. മറിച്ച്, അവൻ/

അവൾ വചനമാകുന്ന വാൾ ധരിച്ച് ദൈവത്തിനും ദൈവജനത്തിനും വേണ്ടി പോരാടും. ക്രിസ്തു ചെയ്യുന്നതും ഇതു തന്നെയാണ്. വചനമാകുന്ന വാൾ ധരിച്ചുകൊണ്ട് പ്രലോഭകനെതിതെ പോരാടുന്നു. ക്രിസ്തുവിനുണ്ടായ മൂന്ന് പ്രലോഭനങ്ങൾ (1) കല്ലുകളെ അപ്പമാക്കുക, (2) ദേവാലയത്തിന്റെ അഗ്രത്തിൽ നിന്ന് താഴേയ്ക്ക് ചാടുക, (3) പ്രലോഭകനെ ആരാധിക്കുക. ഈ മൂന്ന് പ്രലോഭനങ്ങളെയും ക്രിസ്തു അതിജീവിക്കുന്നത് നിയമാവർത്ത പുസ്തകത്തിലെ മൂന്നാം അദ്ധ്യായത്തിലെ വചനങ്ങൾ പറഞ്ഞുകൊണ്ടാണ്. അതുകൊണ്ടാണ്, സങ്കീർത്തകൻ കുറിച്ച് വയ്ക്കുന്നത്;

> "അങ്ങേക്കെതിരേ പാപം ചെയ്യാതിരിക്കേണ്ടതിനു
> ഞാൻ അങ്ങയുടെ വചനം
> ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു."
> (സങ്കീ 119,11)

പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള അജ്ജയമായ ആത്മശക്തികൊണ്ട് നിറയണമെന്ന് ആഗ്രഹിക്കുന്നവർ വചനമാകുന്ന വാൾ ധരിക്കുക. കാരണം, കർത്താവിന്റെ വചനങ്ങളിൽ മാത്രമെ പ്രലോഭകനെ കല്ലിൻമേൽ കല്ല് ശേഷിക്കാതെ തകർക്കുവാനുള്ള ശക്തി നിറഞ്ഞിരിക്കുന്നത്. പ്രലോഭകൻ കെണിപ്പോലെ വന്ന് വീഴുന്നത് വിവേചിച്ചറിയാനും അതിജീവിക്കാനും വചനമാകുന്ന വാൾ നമ്മെ ശക്തരാക്കും. ഇന്ന്, പ്രലോഭനങ്ങളിൽ നാം വീണ് പോകുന്നുണ്ടെങ്കിൽ വചനത്തെ മുറുകെ പിടി ക്കാൻ നാം മറന്ന് പോകുന്നത് കൊണ്ടാണ്.

ഒരിക്കൽ ഒരു *പക്ഷി* ചുറ്റുപാടുമുള്ള കാഴ്ചകൾ കണ്ടുകൊണ്ട് ഒരു വലിയ തണൽ മരത്തിന്റെ കൊമ്പിൽ ഇരിക്കുകയായിരുന്നു. അപ്പോഴാണ് ഒരു ഉന്തുവണ്ടിയിൽ പുഴുക്കളെ വിറ്റുകൊണ്ട് ഒരു കരിമ്പൂച്ച ആ വഴി വന്നത്... കരിമ്പൂച്ച മരക്കൊമ്പിൽ ഇരിക്കുന്ന പക്ഷിയോട് പറഞ്ഞു;

"എന്റെ വണ്ടിയിൽ നിറയെ സ്വാദുള്ള പുഴുക്കൾ ഉണ്ട്. നിനക്ക് വേണോ?"

പൂച്ചയുടെ വാക്കുകൾ കേട്ട പക്ഷി ഉന്തുവിയിലേക്ക് സൂക്ഷിച്ചു നോക്കിയപ്പോൾ മനോഹരമായ കണ്ണാടിക്കൂട്ടിൽ ഇട്ടിരിക്കുന്ന പല നിറത്തിലുള്ള പുഴുക്കളെ കണ്ടു. ഇതുകണ്ട് പക്ഷിയ്ക്ക് അവയെ തിന്നുവാൻ കൊതിയായി... പക്ഷി പൂച്ചയോട്:

"എനിക്ക് കുറച്ച് പുഴുക്കളെ തരാമോ?" എന്ന് ചോദിച്ചു.

അപ്പോൾ പൂച്ച:

"നീ പറന്നു താഴേക്ക് വാ... ഈ വണ്ടിയിലുള്ളവ എല്ലാം നിനക്ക് തരാം." ഇതും പറഞ്ഞ്, ആദ്യം സൗജന്യമായി ഒന്നു കഴിച്ചു നോക്കിക്കോ എന്ന് പറഞ്ഞ് അവയിൽ നിന്നും ഒരു ചെറിയ പുഴുവിനെ പക്ഷിയ്ക്ക് നൽകി... അത് കഴിച്ച പക്ഷിയ്ക്ക് വീണ്ടും വീണ്ടും കഴിക്കാൻ തോന്നി...

പക്ഷി പൂച്ചയോട്:

"എനിക്ക് ഈ പുഴുക്കളെ ഇനിയും വേണം" എന്ന് പറഞ്ഞു.

അതിന് മറുപടിയായി പൂച്ച:

"ഇനി വേണമെങ്കിൽ നീ എനിക്ക് ഓരോ പുഴുക്കൾക്കും വില നൽകണം" എന്ന് പറഞ്ഞു. എന്ത് വേണമെങ്കിലും തരാം എന്ന് പക്ഷിയും

**യേശു കൽപിച്ചു: "സാത്താനേ, ദൂരെപ്പോവുക; നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടുത്തെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു." അപ്പോൾ പിശാച് അവനെ വിട്ടുപോയി.**

***വചനം പറയുമ്പോൾ പ്രലോഭകൻ അകന്നുപോകുന്നു!***

പറഞ്ഞു. അതിന് പൂച്ച:

"ഓരോ പുഴുവിനും പകരം നിന്റെ ഈ മനോഹരമായ ഓരോ തൂവലുകൾ നീ വിലയായി നൽകണം എന്ന് പറഞ്ഞു.

പുഴുക്കളെ ഒന്നുകൂടി നോക്കിയ ശേഷം പിന്നിൽ ഒളിഞ്ഞിരിക്കുന്ന കെണി മനസ്സിലാക്കാതെ പക്ഷി സമ്മതിച്ചു... പക്ഷി ഓരോ പുഴുക്കളെ വീതം തിന്നുവാനും, പൂച്ച ഓരോ തൂവലുകൾ വീതം പറിച്ചെടുക്കുവാനും തുടങ്ങി... ഒരു വശത്ത് തന്റെ തൂവലുകൾ ഓരോന്നായി നഷ്ടപ്പെടുന്നത് പക്ഷി അറിഞ്ഞുവെങ്കിലും പുഴുക്കളെ തിന്നുന്നത് നിർത്തുവാൻ പക്ഷിക്ക് കഴിഞ്ഞില്ല... വളരെ പെട്ടെന്ന് തന്നെ തന്റെ അവസാന തൂവലും ന ഷ്ടപ്പെട്ടു!

''സുബോധം'' വന്ന പക്ഷി ആകാശത്തിൽ പാറിപ്പറക്കുവാനുള്ള തന്റെ കഴിവ് നഷ്ടപ്പെടുത്തിയ നിരാശ നിമിത്തം അലറി കരയുവാൻ തുടങ്ങി... ആ കരച്ചിൽ നിലയ്ക്കുന്നതിന് മുൻപുതന്നെ തന്ത്രശാലിയായ പൂച്ച പറക്കാൻ കഴിയാതെയായ പക്ഷിയെ ചാടിപ്പിടിച്ചു കഴിഞ്ഞിരുന്നു. കൂർത്ത നഖങ്ങളും പല്ലുകളും ആ പക്ഷിയുടെ ശരീരത്തിലേക്ക് ആഴ്ന്നിറങ്ങി... പക്ഷിയുടെ ജീവൻ എന്നേയ്ക്കുമായി വിട്ടുപോയി.

ക്രിസ്തുവിന്റെ ജീവിതത്തിലുണ്ടായ പ്രലോഭനങ്ങളെയും ആ പ്രലോഭനങ്ങളെയും അതിജീവിക്കുന്ന ക്രിസ്തുവിനെയും വിചിന്തനം ചെയ്യുമ്പോൾ ഈ ഗുണപാഠ കഥ സമ്മാനിക്കുന്ന വലിയ ചിന്തയുണ്ട്;

"പാപത്തിന്റെ പുഴുക്കളെ തിന്നുവാനുള്ള ഒരാളുടെ കൊതി, ഒരു പക്ഷേ, ഒരിക്കലും മടങ്ങിവരുവാൻ കഴിയാത്ത നിരാശയുടെ പടുകുഴികളിലേയ്ക്ക് അവനെ തള്ളിയിടാം... ഒന്നിൽ നിന്നും മറ്റൊരു മഹാകെണിയിലേക്ക് വലിച്ചുകൊണ്ടുപോകുന്ന സ്വഭാവമാണ് പാപത്തിനുള്ളത്. മനഃപൂർവ്വം പാപത്തിൽ തുടരുന്ന ഒരാൾക്ക് ഒരുപക്ഷേ പിന്നീടൊന്ന് മടങ്ങിവരുവാനുള്ള അവസരം പോലും കിട്ടാതെപോകാം. അതുകൊണ്ട്, പാപത്തിന്റെ മോഹന വാഗ്ദാനങ്ങളോട് 'വേണ്ട' എന്ന് പറയുവാനുള്ള ആത്മീയ ശക്തി വചനമാകുന്ന വാൾ ധരിച്ചുകൊണ്ട് സ്വന്തമാക്കണം!"

ആരെഴുതിയെന്നോ, എന്നെഴുതിയെന്നോ നിശ്ചയമില്ല. വായിച്ചപ്പോൾ വീണ്ടും വായിക്കാനും ജീവിതത്തിൽ നിലയുറപ്പിക്കാനും തോന്നി;

"സൂചിമുനയിൽ കോർത്തു നീയെന്റെ
ആത്മസത്തയിൽ ആധി ചേർത്താലും
ഇല്ലില്ല; കാലം ചവിട്ടിയാഴ്ത്തിയാലും
നേരുതാൻ; നേരിനൊപ്പമേ നിൽക്കു!"

"പിശാച് അവനെ വിട്ടുപോയി. ദൈവദൂതൻമാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു." പിശാചിന്റെ സാന്നിദ്ധ്യം ദൈവീകസാന്നിദ്ധ്യത്തെ നമ്മളിൽ നിന്നകറ്റും!



ഫാ. ജോബി മേനോത്ത്
+91 944 7777 931